

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ

## 11. സംഘംകൃതികളിലെ സാമൂഹ്യജീവിതം

## സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


11 സംഘംകൃതികളിലെ സാമൂഹ്യജീവിതം . . . . . 1

1 കൃഷിയും ഭക്ഷണസാമഗ്രികളും . . . . 2

2 വസ്ത്രങ്ങളും ആഭരണങ്ങളും . . . . . . . 3

3 യുദ്ധമുറകൾ . . . . . . . . . . . . . . 4

4 ഭരണരീതി . . . . . . . . . . . . . . 5

5 നാഗരിക ജീവിതം . . . . . . . . . . 6

# 11

# സംഘംകൃതികളിലെ സാമൂഹ്യജീവിതം

‘പശുക്കൾ സുഖമായി മേയുന്ന പുൽപ്പാടങ്ങൾ, ചെറുമീനുകൾ സൈ്വരമായി വീഴുന്ന നീർപ്പൊയ്കകൾ, പന്നികൾ തേറ്റകൾ കൊണ്ട് കുത്തിയിളക്കിച്ചേറാക്കിയതിനാൽ ഉഴവൽ നടത്താതെ വിത്തുപാകിയ നിലങ്ങൾ, വിരിഞ്ഞകണ്ണുകളോടു കൂടിയ എരുമകളെ മേയാനയയ്ക്കാതെ തടയുമാറ് പൂത്തനെയ്തൽ ഞെരുങ്ങി വളർന്നു നിൽക്കുന്ന കരിമ്പിൻതടങ്ങൾ, പെൺമണികൾ കൂടിനിന്ന് കൈകൊട്ടി നൃത്തംചെയ്യുമ്പോൾ അവരുടെ അരയിലും കൈകളിലും നിന്ന് ഉതിർന്നുവീഴുന്ന ആമ്പൽമലരുകളെ തിന്നാൽ കൊതിപൂണ്ടുനിൽക്കുന്ന പശുക്കൾ നിറഞ്ഞ സ്ഥലങ്ങൾ, തഴച്ചു വളർന്നുയരുന്ന കേരതരുക്കൾ, പക്ഷികളിരുന്ന് കളകളനാദം പൊഴിയ്ക്കുന്ന മരുമതമരങ്ങൾ, നീർച്ചാലുകളുള്ള പൂംപൊയ്കകൾ’ [1] ‘ചെന്താമരകളും ആമ്പലുകളും നിറഞ്ഞ ജലാശയങ്ങൾ, കൊയ്തു കൊയ്ത് അരിവാൾത്തല മടങ്ങുംവണ്ണം തഴച്ചുവളർന്ന് നെല്ലു വിളഞ്ഞുനിൽക്കുന്ന കണ്ടങ്ങൾ.’ [2] ‘പൊയ്കകളിലെ ചീർപ്പുകൾ വഴിയായി വെള്ളമൊലിച്ചുണ്ടായ ചാലുകളിൽ ഞെരുങ്ങി നിൽക്കുന്ന നെയ്തൽപ്പൂക്കളിന്നു ചുറ്റും നിരനിരയായി മുരണ്ടുനിൽക്കുന്ന വണ്ടുകൾ’ [3] ഇങ്ങനെ പല കവികളുടെയും വർണ്ണനകൾക്ക് വിഷയമായ പ്രകൃതിസൗന്ദര്യം നിറഞ്ഞ ഒരു രാജ്യമായിരുന്നു ചേരനാട്. കൃഷി, കൈത്തൊഴിൽ, കച്ചവടം തുടങ്ങിയ വിവിധരംഗങ്ങളിൽ അധ്വാനിച്ച് പണിയെടുക്കുന്ന ജനങ്ങളുടെ അകൃത്രിമവും ലളിതവുമായ ജീവിതം ആ സൗന്ദര്യത്തിന് മാറ്റുകൂട്ടി.

---

1. പതിറ്റുപ്പത്ത് II, 3.
2. പതിറ്റുപ്പത്ത് II, 9.
3. പതിറ്റുപ്പത്ത് III, 7.

## 1 കൃഷിയും ഭക്ഷണസാമഗ്രികളും

മണ്ണ് ഫലപുഷ്ടിയുള്ളതായിരുന്നു. അതുകൊണ്ട് പലതരത്തിലുള്ള ധാന്യങ്ങളും സമൃദ്ധമായി കൃഷിചെയ്യപ്പെട്ടിരുന്നു. മലയോരപറമ്പുകളിലെ ജനങ്ങൾക്കുപോലും പട്ടിണികിടക്കേണ്ടിവന്നിരുന്നില്ല. പുറനാനൂറിലെ ഒരു പാട്ടിൽ ഇങ്ങനെ കാണുന്നു: ‘ഉഴവർ ഉഴാതെ തന്നെ നാലുതരത്തിലുള്ള ഫലങ്ങൾ സുലഭങ്ങളാണ്. ഒന്നാമതായി കൃശപത്രകങ്ങളായ മുകളിൽ നിന്ന് മുളയരി ലഭിക്കുന്നു; രണ്ടാമതായി സ്വാദുള്ള ചുളകളോടുകൂടിയ ചക്കപ്പഴം വേണ്ടുവോളം കിട്ടുന്നു; മൂന്നാമതായി ആരും കൃഷി ചെയ്യാതെ തഴച്ചുവളരുന്ന കാച്ചിലിന്റെ കിഴങ്ങ് വേണ്ടുവോളമുണ്ട്; നാലാമതായി കരടികൾ ചാഞ്ഞു കൂടുകൾ അണകയാൽ ഉന്നതഗിരി നിരന്തരം തേൻ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.’ [4]

പർവ്വതപ്രദേശങ്ങളിലെ ഗോത്രസമുദായങ്ങൾ ഭൂമി ഉഴുതു കൃഷിചെയ്യാൻ പഠിച്ചുകഴിഞ്ഞിരുന്നില്ലെന്നും കാട്ടിൽ നിന്നും ശേഖരിക്കപ്പെട്ടുന്ന കായ്കനികളേയും മുളയരി, തേൻ മുതലായവയേയും ആശ്രയിച്ചാണ് അവർ ഉപജീവനം കഴിച്ചിരുന്നത് എന്ന് ഈ പാഠങ്ങളിൽ നിന്ന് അനുമാനിക്കാം. പ്രാചീന കാലം മുതൽക്കുതന്നെ മൃഗങ്ങളെ വേട്ടയാടാൻ ഒരു മുഖ്യമായ മാർഗമായിരുന്നു. എന്നാൽ, കൂടുതൽ പരിഷ്കരിച്ച മരുതനിലത്തിലെ ജനങ്ങൾ മുഖ്യമായും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. കലപ്പ, കൊഴു, നുകം, അരിവാൾ, മഴു, കോടാലി തുടങ്ങിയ കാർഷികോപകരണങ്ങളെപ്പറ്റിയും കലം, കുടം, കിണ്ടി, പാന, താഴി, ചാടി, താലം, മിടാവ് മുതലായ വീട്ടുപാത്രങ്ങളെപ്പറ്റിയും സംഘംകൃതികളിൽ പരാമർശിക്കുന്നുണ്ട്. നെല്ല്, ഗോതമ്പ്, തുടങ്ങിയ ധാന്യങ്ങൾ കൃഷിചെയ്യാൻ പറ്റിയ ജലസേചന സൗകര്യങ്ങളുണ്ടായിരുന്നു. ‘വെൺനുരകളേന്തിക്കടന്നുപോകുന്നിടങ്ങളിലെല്ലാം വളം പരത്തിക്കൊണ്ടും, നിരവധി വൈക്കോൽപിരികളാൽ ചൂഴപ്പെട്ട അണകളെ തട്ടിത്തകർത്തുകൊണ്ടും പായുന്ന ചുവന്ന പുതുജലത്തെ തടുത്തുനിർത്താനായി നാട്ടുകാരെല്ലാം ഒത്തുകൂടി കോലാഹലപൂർവ്വം ചിറകെട്ടിതീർത്തതിൽ സന്തുഷ്ടിപൂണ്ട് വഞ്ചിനഗരത്തിൽചെന്ന് ഉത്സവം കണ്ട് മടങ്ങിവരുന്ന മരുതനിലവാസികളെ’ സംഘംകൃതികൾ വർണ്ണിക്കുന്നു. മിച്ചമുള്ള ധാന്യങ്ങൾ കൈമാറ്റത്തിനുവേണ്ടി ഉപയോഗിക്കുക പതിവായിരുന്നു. എൺവകധാന്യങ്ങൾ വിക്രയം ചെയ്യുന്ന വണിക്കുകൾക്കും അടിയാരെ കാക്കുന്ന മേലാളർക്കും നെടുഞ്ചേരലാതൻ സഹായങ്ങൾ നൽകിയതായി പതിറ്റുപ്പത്ത് പ്രസ്താവിക്കുന്നു. [5] കടൽ, മല, നദി, മരുതനിലം തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന വിഭവങ്ങൾക്ക് പുറമെ അന്യനാട്ടുകളിൽ നിന്നും വന്നിരുന്ന സമ്പത്തുകളും ചേരരാജ്യത്തിന്റെ ഐശ്വര്യം വർദ്ധിപ്പിക്കാൻ സഹായിച്ചു. [6] ‘ധാന്യവ്യാപാരികൾ കർഷകർക്കു തുണയായി വർത്തിച്ചു. ചക്ക, തേങ്ങ മുതലായവയും ഭക്ഷണത്തിനുപയോഗിച്ചിരുന്നു. സ്വാദുള്ള ചക്കകളോടുകൂടിയ പിടിപ്പതു ചക്കകൾ കായ്ക്കുന്ന പ്ലാവുകളെപ്പറ്റിയും മാധുര്യം തുളുമ്പുന്ന തേങ്ങാക്കുലകൾ വഹിച്ചുകൊണ്ട് ആകാശത്തോളം ഉയർന്നു നിൽക്കുന്ന രാജോചിതമായ തെങ്ങുകളെപ്പറ്റിയും [7] സംഘം കൃതികളിൽ പ്രതിപാദിക്കുന്നുണ്ട്. അവൽ മുഖ്യമായ ഒരു ഭക്ഷണ സാമഗ്രിയായിരുന്നു. ‘വളകളണിഞ്ഞ യുവതികൾ അവൽ ഇടിച്ച ഉലക്കകൾ വാഴയിൽ ചാരിവച്ചിട്ട് വള്ളച്ചെടികളിൽ നിന്ന് പൂക്കൾ ഇറുത്തെടുക്കും. അനന്തരം കതിരകളുടെ കനം താങ്ങാൻ കഴിയാതെ പാഞ്ഞ് നെല്ല വിളഞ്ഞുകിടക്കുന്ന കണ്ടങ്ങളുടെ വരമ്പുകളിൽ നിരന്നിരുന്ന് ധാന്യം തിന്ന് നശിപ്പിക്കുന്ന നീണ്ടകാലുകളുള്ള ഞാറപക്ഷികളെ അവർ ആട്ടിപ്പായിക്കും.’ [8] ധാന്യങ്ങളും കായ്കനികളും ചക്ക, തേങ്ങ മുതലായവയും മാത്രമല്ല മത്സ്യം, മാംസം, കള്ള് മുതലായവയും ധാരാളം ഉപയോഗിക്കപ്പെട്ടിരുന്നു. ചേരരാജാവിന്റെ അന്നദാനപ്രഭുത്വത്തെ വാഴ്ത്തുന്ന ഒരു പാട്ടിൽ ഇങ്ങനെ പറയുന്നു.

> ‘കള്ള് ആവോളം കുടിപ്പിൻ! അരി വെക്കുവിൻ! നല്ല ദശയുള്ള മാംസം അറുക്കുവിൻ! പുഴുക്കു അടുപ്പിലേറ്റുവിൻ! വരുന്നോർക്കെല്ലാം തടവില്ലാതെ കൊടുപ്പാൻ, ചുരുണ്ടിരുണ്ട തഴച്ച കുന്തലുകൾ അഞ്ചായി പകുത്തു വെച്ചവരും മുല്ലപ്പൂമൊട്ടിനൊത്ത ദന്തങ്ങളുള്ളവരുമായ ചാരുനിതംബിനിമാർ തങ്ങളുടെ ആഭരണങ്ങൾ കിലുങ്ങുമാറ് പാചകജോലിയിൽ ഏർപ്പെടട്ടെ! ചോറിനുപുറമേ കൊടുക്കത്തക്കതായി എന്തെല്ലാമുണ്ടോ അതെല്ലാം വിളമ്പിക്കൊടുക്കുവിൻ! ഇങ്ങനെ എത്രതന്നെ വിളമ്പിക്കൊടുത്താലും പിന്നേയും കൊടുക്കുന്ന കാര്യത്തിൽ ഒരു മുട്ടും വരില്ല. എന്തെന്നാൽ ലോകരക്ഷാഭാരം ഏറ്റിരിക്കുന്ന മേഘം, മന്നിന്റെ ഉയിരറ്റുപോകത്തക്കവണ്ണം തുടരെ പല ആണ്ടുകൾ മഴ പെയ്യാതിരുന്നാലും ചേരലാതന്റെ ദാനവ്രതം വ്യർത്ഥമാകുന്നതല്ല.’ [9] മറ്റൊരു പാട്ടിൽ ‘ചെറുതായി നുറുക്കിയ ഇറച്ചിക്കൊത്തുകൾ വേറിട്ടുകാണാത്തവിധം പാകം ചെയ്ത തുവരയും അമര, തുമര മുതലായ പയറുകളും നിണവും മാംസവും ചേർത്തു വേവിച്ച വെൺചോറും ഭുജിച്ച്’ പോരാളി വീരൻമാർ സംതൃപ്തിയോടെ വാണു എന്നു പറയുന്നു. ‘മാംസവണിക്കുകൾ മരക്കുറ്റിയിൽ വച്ചു കൊത്തിയരിഞ്ഞ ഇറച്ചി അതിഥികൾക്കു തൃപ്തിയാവോളം നൽകി ഉപചരിക്കുന്നതിനായി പാചകശാലയിൽ താളിച്ചു പാകംചെയ്യുമ്പോൾ ഉയരുന്ന നെയ്മണം.’ [10] ചേരനാഥന്റെ നഗരിയിലെങ്ങും വ്യാപിച്ചിരുന്നത്രേ. ‘വലിയ മിടാവിൽ അരിയും കൊത്തിയരിഞ്ഞതും രക്തവർണ്ണം കലർന്നതുമായ ഇറച്ചിയും ഇട്ടു പാകം ചെയ്ത ചോറ്’ [11] പണക്കാരുടെ ഒരു പ്രധാന ഭക്ഷണമായിരുന്നു. മൽസ്യമാംസങ്ങളും കള്ളും അരചർ, അന്തണർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും ഇഷ്ടമായിരുന്നു. ഫ്യൂഡലിസത്തിൽ ബ്രാഹ്മണമേധാവിത്വം അടിയുറച്ച ശേഷം മാത്രമാണ് ചില പ്രത്യേക ജാതിക്കാർ അവയെ വർജ്ജിക്കണമെന്ന വ്യവസ്ഥയുണ്ടായത്.

---

4. പുറം 25.
5. പതിറ്റുപ്പത്ത് 3.
6. പതിറ്റുപ്പത്ത് 25.
7. പുറം 17.
8. പതിറ്റുപ്പത്ത്, 3, 9.
9. പതിറ്റുപ്പത്ത്, 2, 8, നാരായണപ്പണിക്കരുടെ തർജ്ജമ.
10. ടി 3, 1.
11. പതിറ്റുപ്പത്ത്, 3, 4, നാരായണപ്പണിക്കരുടെ തർജ്ജമ.

## 2 വസ്ത്രങ്ങളും ആഭരണങ്ങളും

കൃഷിയായിരുന്നു ജനങ്ങളുടെ ഏറ്റവും പ്രധാനമായ ജീവിതവൃത്തി. പക്ഷേ, നായാട്ട്, മീൻപിടുത്തം എന്നിവയിലും ധാരാളം ജനങ്ങൾ ഏർപ്പെട്ടിരുന്നു. നൂൽനൂൽപ്പ്, നെയ്ത്ത് തുടങ്ങിയ പലതരത്തിലുള്ള കുടിൽവ്യവസായങ്ങളുമുണ്ടായിരുന്നു. സ്ത്രീകളാണ് നൂൽ നൂറ്റിരുന്നത്. കൂറ, നല്ലാട, പട്ടാട എന്നിങ്ങനെ മൂന്നുതരം വസ്ത്രങ്ങളുണ്ടായിരുന്നതായി കാണുന്നു. കൂറ സാധാരണക്കാരുടെ വിലകുറഞ്ഞ തുണിയാണ്. സാമാന്യം ഭേദപ്പെട്ടവർ നല്ലാടയാണുപയോഗിച്ചിരുന്നത്. പണക്കാർക്കിടയിൽ പട്ടുതുണികളും പ്രചാരത്തിലുണ്ടായിരുന്നു. [12] നനഞ്ഞുമിനുത്ത പരുന്തിൻ ചിറകുപോലുള്ള പട്ടുവസ്ത്രങ്ങളെപ്പറ്റി പതിറ്റുപത്തു പരാമർശിക്കുന്നുണ്ട്. എന്നാൽ ഷർട്ടും കോട്ടും കുപ്പായവുമൊന്നുമുണ്ടായിരുന്നില്ല. സ്ത്രീകൾ മാറുമറച്ചിരുന്നില്ല. വിദേശങ്ങളിൽ നിന്നുവന്ന യവനൻമാരും മറ്റും കുപ്പായം അല്ലെങ്കിൽ ചട്ടയിട്ടിരുന്നു. ‘മേയ്പ്പൈ’ എന്നാണതിന് പറഞ്ഞിരുന്നത്. തോൽ കൊണ്ടുള്ള ചെരുപ്പുകളെപ്പറ്റി പ്രസ്താവനകളുണ്ട്. പലതരം തോൽപ്പണികളുണ്ടായിരുന്നു. സ്ത്രീകൾക്ക് ആഭരണങ്ങളിൽ നല്ല ഭ്രമമുണ്ടായിരുന്നു. ‘ആഭരണങ്ങളണിഞ്ഞവർ, തഴകൾ ധരിച്ചവർ, നറുമണം വീശുന്ന പൂമാല ചൂടിയവർ എന്നിങ്ങനെ പലതരത്തിലുള്ള പാണയുവതികൾ കൈകളിൽ തിളങ്ങുന്ന വളകളും മാറിൽ ഒളിതിരളുന്ന മുത്തുമാലകളുമണിഞ്ഞ് വണ്ടുകൾ മുരണ്ടണയുന്ന കുന്തലുകളെ ഉച്ചിയിൽ കൊണ്ടയായി കെട്ടിവച്ചുകൊണ്ട് ഞരമ്പുകൾ ശ്രുതിക്കിണങ്ങുംവിധം മുറുക്കിക്കെട്ടിയിട്ടുള്ള ‘പേരിയാഴിൻ ശത്രുക്കൾക്ക് പണിയാത്ത രാജാവിന്റെ സ്വഭാവത്തെക്കുറിക്കുന്ന ‘ഉഴിഞ്ഞത്തിണ’ പല രാഗത്തിൽ കീർത്തിച്ചു പാടും.’ [13] താലി, മാല, മുത്താരം, ചുട്ടി, വള, കുഴൽ തുടങ്ങിയ ആഭരണങ്ങളെപ്പറ്റി സംഘംകൃതികളിൽ പരാമർശമുണ്ട്. സ്ത്രീകൾ മാത്രമല്ല പുരുഷൻമാരും സ്വർണ്ണാഭരണങ്ങളണിഞ്ഞിരുന്നുവെന്ന് തോന്നുന്നു. കൈയിൽ വീരവളയും മാറിൽ പൊൻമാലയും ധരിച്ച് പോർക്കളത്തിലേക്കു പോകുന്ന ചേരലാതൻ ഒരു പാട്ടിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. [14] പാട്ടും കൂത്തും ഉത്സവവുമായിരുന്നു മുഖ്യമായ വിനോദങ്ങൾ. ശ്രുതിക്കിണങ്ങുംവിധം ഇനിയനാദം പുറപ്പെടുമാറ്, ഞരമ്പുകൾ വലിച്ചുമുറുക്കിക്കെട്ടിയ വളഞ്ഞ ‘യാഴ്’കളെ വഹിച്ചുകൊണ്ട് പാണബാലർ പുറപ്പെടും. പാട്ടിനുചേർന്ന നാദത്തോടു കൂടിയ മഴുവും തുമ്പിക്കൈയുടെ വടിവിൽ മുകളിലത്തെ കണ്ണികൾ ഇടവിട്ടുറുത്തിയറ്റിയ വെരുവങ്കിയവും മറ്റു വാദ്യോപകരണങ്ങളും ചേർത്ത് ഒരു വശത്തും. ‘പാടൽത്തുറ’ക്കുവേണ്ടിയ എല്ലരി, ആകുളി, തട, കുഴൽ തുടങ്ങിയ നാട്യോപകരണങ്ങൾ അടങ്ങിയ സഞ്ചി മറുവശത്തും കെട്ടിത്തൂക്കിയിട്ടുള്ള കാവടിതണ്ട് ചുമലിൽ ഏന്തി കൂത്തർ നടക്കും.’ [15] ‘യാഴ്’ എന്ന പേരിലറിയപ്പെടുന്ന ഒരു തരം വീണയായിരുന്നു അക്കാലത്തെ ഏറ്റവും മുഖ്യമായ വാദ്യോപകരണം. ‘ഇടവിടാതെ ആഘോഷിക്കാറുള്ള ഉത്സവങ്ങളുടെ ചടങ്ങുകളിൽ പങ്കുകൊണ്ട് ‘യാഴോ’ടുകൂടിയ കൂത്തർ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വീഥികൾ തോറും തങ്ങി നിന്ന് തന്തികൾ മീട്ടി അതിന്റെ ഈണത്തിനൊപ്പിച്ച് പാട്ടുകൾ പാടും.’ [16] ഉത്സവകാലത്ത് ധാരാളം കൊള്ളക്കൊടുക്കകൾ നടന്നിരുന്നു. നഗരത്തെരുവുകളിൽ പലതരം സാമഗ്രികളും വിൽപ്പനയ്ക്ക് വെച്ചിരിക്കും. ‘നാട്ടിനുള്ളിലുള്ള പല പഴയ സ്ഥലങ്ങളും ഇടവിടാതെ നടക്കുന്ന ഉത്സവാഘോഷങ്ങളിലെ മുരശു തുടങ്ങിയ വാദ്യവിശേഷങ്ങളുടെ മുഴക്കത്താലും കൊടിതഴകളുടെ തണലിനാലും ആകർഷണങ്ങളാണ്. വിലയേറിയ വിവിധ സാമാനങ്ങൾ നിറഞ്ഞ ആപണവീഥികളാൽ മനോഹരങ്ങളാണ് മിക്ക നഗരങ്ങളും.’ [17] ഉൾനാടുകളിലെ ജനങ്ങൾ താന്താങ്ങളുടെ ചരക്കുകളുമായി കാളവണ്ടികളിൽ കയറിവരും. കാളവണ്ടിയായിരുന്നു അക്കാലത്തെ മുഖ്യവാഹനം. ‘നിലങ്ങളിലെ ചേറ്റിൽ ചക്രങ്ങൾ പുതഞ്ഞു ഇളകാതെ നിന്നുപോയ വണ്ടികളെ മുന്നോട്ടുകൊണ്ടുപോകാൻ യത്നിക്കുന്നവർ ശബ്ദകോലാഹലത്തോടെ കാളകളെ അടിച്ചുവിരട്ടും.’ [18]

---

12. പതിറ്റുപ്പത്ത്, 12.
13. പതിറ്റുപ്പത്ത്, 5, 6.
14. പതിറ്റുപ്പത്ത്, 4, 10.
15. പതിറ്റുപ്പത്ത്, 5, 6.
16. പതിറ്റുപ്പത്ത്, 3, 9.
17. പതിറ്റുപ്പത്ത്, 2, 5.
18. പതിറ്റുപ്പത്ത്, 3, 7.

## 3 യുദ്ധമുറകൾ

എന്നാൽ, പാട്ടുംകൂത്തും ഉത്സവങ്ങളും മാത്രമല്ല യുദ്ധങ്ങളും ഇടയ്ക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരുന്നു. ഉത്സവങ്ങൾ പോലെതന്നെ ആഹ്ലാദജനകമായിരുന്നു യുദ്ധങ്ങളും. വീരൻമാരായ പടയാളികൾ അത്യധികം ആദരിക്കപ്പെട്ടിരുന്നു. പിന്നിൽ നിന്ന് മുറിവേൽക്കുക എന്നത് ഏറ്റവും അപമാനകരമായിട്ടാണ് കരുതപ്പെട്ടിരുന്നത്. വെണ്ണി എന്ന സ്ഥലത്തുവച്ച് കരികാലനുമായുണ്ടായ യുദ്ധത്തിൽ മുതുകിൽ മുറിവേറ്റ ചേരലാതൻ ആത്മഹത്യചെയ്യുകയാണുണ്ടായത്. [19] വില്ല്, അമ്പ്, വാൾ, പരിച, വേൽ, കൈക്കോടാലി മുതലായവയായിരുന്നു പ്രധാനപ്പെട്ട ആയുധങ്ങൾ. പരിചയും വാളുറയും തോൽക്കൊണ്ടും മറ്റുള്ളവ ഇരുമ്പുകൊണ്ടുമാണ് നിർമ്മിക്കപ്പെട്ടിരുന്നത്. ആന, കുതിര മുതലായ മൃഗങ്ങളും യുദ്ധത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നു. ‘തീപ്പൊരി പാറുന്നുണീരത്തിൽ പുറ്റിൽ സർപ്പം എന്ന പോലെ വിളങ്ങുന്ന കൂരമ്പും വളഞ്ഞ വില്ലും ഒടുങ്ങാത്ത മനോവീര്യവും ശത്രുക്കളുടെ കൊമ്പനാനകളുടെ പുറത്തു തറച്ച് മുനയൊടിഞ്ഞ വേലും ധരിച്ച് വിസ്താരമേറിയ പോർക്കളത്തിൽ ഉറച്ചുനിന്ന് മനോവീര്യത്തോടെ പോരാടിയ’ പടവീരൻമാർ പതിറ്റുപ്പത്തിലെ ഒരു പാട്ടിൽ വാഴ്ത്തപ്പെട്ടിരിക്കുന്നു. [20] “പോർമദത്താൽ പുലിത്തോലുറയിൽ നിന്ന് ഊരിപ്പുറത്തെടുത്ത വാളുകൾ തേച്ചു മൂർച്ച വരുത്തുന്ന’ മറവരെയും പതിറ്റുപ്പത്തിൽ പ്രതിപാദിക്കുന്നുണ്ട്. [21] പുറനാനൂറ്, പതിറ്റുപ്പത്ത്, ചിലപ്പതികാരം, അകനാനൂറ്, നറ്റിണൈ തുടങ്ങിയ കൃതികളിൽ പല ചേരരാജാക്കൻമാരുടെയും വീരപരാക്രമങ്ങൾ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ചേരൻ ചെങ്കുട്ടുവന്റെ മഹിമയെപ്പറ്റിയുള്ള ഒരു പാട്ടിന്റെ തർജ്ജമ താഴെച്ചേർക്കുന്നു.

> ‘ആനപ്പടയിലെ ആനകൾ നിരന്ന് മുന്നോട്ട് നടന്നുകൊണ്ടും, വിരളിപിടിച്ച കുതിരകൾ തങ്ങളെ നയിക്കുന്ന ഭടൻമാർക്ക് അടങ്ങി അവരുടെ പ്രേരണയനുസരിച്ച് അണിമുറിയാതെ ഗമിച്ചുകൊണ്ടും ശോഭയേറിയ കൊടികൾ പാറിക്കളിച്ചുകൊണ്ടിരിക്കുന്ന തേരുകൾ ഇരുവശങ്ങളിലേക്കും അലഞ്ഞും ഉലഞ്ഞും നേരെ ചെല്ലാതെ ചുറ്റും ചുഴ്ന്നുകൊണ്ടും അസംഖ്യം വീരരൊത്ത് തന്റെ ചതുരംഗസൈന്യം നീങ്ങിക്കൊണ്ടിരിക്കവെ വേൽപടകളോടും ശത്രുക്കളുടെ മുന്നണി സൈന്യത്തിന്റെ രക്ഷയ്ക്കായി ഗമിക്കുന്ന പാർശ്വസേനാ നിരകളെ ആക്രമിച്ചുവരുന്ന സൂചിപ്പടയോടു കൂടിയ പരാക്രമികളായ രാജാക്കൻമാരും ചിറ്റരചൻമാരും യോജിച്ച് സഹായത്തിനെത്തിച്ചേരുകയാൽ ശക്തിവർദ്ധിച്ച് മദോൻമത്തരായ ‘മോകൂർ’ മന്നവനായ ‘പഴയൻ’ ജയഭേരി മുഴക്കിക്കൊണ്ട് പോരിനടുത്തപ്പോൾ അവന്റെയും സഹായികളുടേയും സേനകൾ ഭയന്നു കുലയുംവിധം അവരോടേറ്റുമുട്ടിയതു നിമിത്തം കൂരമ്പുകൾ തറച്ച ശത്രുഭടൻമാർ രക്തംപുരണ്ട കൈകൾ കൊണ്ടും അവ വലിച്ചൂരവെ ഒഴുകിയ രുധിരപൂരം മഴക്കാലത്ത് ചെന്നിറം പൂണ്ട വെള്ളംപോലെ നിലകളിൽ പായുകയും ചത്തു വീഴുന്ന പിണങ്ങൾ കുളങ്ങളിൽ കുന്നുപോലെ കുമിയുകയും ചെയ്യത്തക്കവണ്ണം പോരാടി പലനാശങ്ങളും അളവില്ലാതെ ചെയ്ത് പോർമുരശു മുഴക്കിയും, പഴയന്റെ ഐശ്വര്യത്തിനറുതി വരുത്തിയും സുഖസമൃദ്ധിയിൽ വാണിരുന്ന അവന്റെ ആളുകളിൽ പലരേയും കൊന്നൊടുക്കിയും നീലനിറംകലർന്ന് ഇലകൾ തിങ്ങിയ ശാഖകളോടെ നിന്നിരുന്ന അവന്റെ കാവൽമരമായ വേപ്പിനെ വെട്ടിവീഴ്ത്തിയും പരാക്രമപ്രൗഢിയോടെ വരുന്ന ചേരൻ ചെങ്കുട്ടുവനെ നേരിൽക്കണ്ട് വാഴ്ത്തപ്പെടാം. വിറലികളെ, ഞങ്ങൾ പോകുന്നു. നിങ്ങളും വരുവിൻ. ആടുന്നതിലും പാടുന്നതിലും പാടവമേറിയ നിങ്ങളുടെ കൂട്ടർ ഉടുക്കാൻ വസ്ത്രങ്ങളും അണിയാൻ ആഭരണങ്ങളും സമ്മാനം വാങ്ങി വയറുനിറയെ ഉണ്ണുമാറാകട്ടെ. [22]

കരയിൽവച്ചു മാത്രമല്ല, കടലിൽവെച്ചും യുദ്ധങ്ങൾ നടന്നിരുന്നു. ‘ചേരലാതൻ കടൽവഴി പോയി കടമ്പരെ വെന്ന് അവരുടെ കാവൽമരമായ കടമ്പ് മുറിച്ചു’വെന്ന് പാരപ്പാട്ടിൽ പറയുന്നു. യുദ്ധം, കച്ചവടം എന്നീ ആവശ്യങ്ങൾക്ക് ചേര നാട്ടുകാർ നാടൻകപ്പലുകൾ ഉപയോഗിച്ചിരുന്നുവെന്നതിന് സംഘം കൃതികളിൽ ധാരാളം തെളിവുകളുണ്ട്. യുദ്ധത്തിന് പുറപ്പെടുന്നതിന് മുമ്പ് കൊറവൈ എന്ന ദേവതയ്ക്ക് കള്ളും മാംസവും നിവേദിക്കും. പെരുമ്പറയടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ടാണ് യുദ്ധമാരംഭിക്കുക. ശത്രുക്കളുടെ കന്നുകാലികളെ പിടിച്ചുകൊണ്ടുവരികയെന്നതാണ് യുദ്ധത്തിലെ ആദ്യത്തെ ചടങ്ങ്. മറ്റൊരു മുഖ്യമായ ചടങ്ങ് ശത്രുവിന്റെ കാവൽമരത്തെ വെട്ടിമുറിക്കുക എന്നതാണ്. പ്രാചീന ഗോത്രസമുദായത്തിലെ കുലചിഹ്ന ഭക്തി (ററ്റോട്ടെമിസം)യുടെ ഒരവശിഷ്ടമായിരിക്കാം ഇത്. ഓരോ ഗോത്രത്തിനും പ്രത്യേകമായ ഓരോ കാവൽമരമുണ്ടായിരുന്നു. ഏറ്റവും ആരാദ്ധ്യവും ഏറ്റവും പ്രിയപ്പെട്ടതുമായ ആ മരത്തെ കേടുകൂടാതെ കാത്തുസൂക്ഷിക്കേണ്ടത് ഗോത്രത്തിലെ എല്ലാ അംഗങ്ങളുടെയും കടമയായിരുന്നു. അതുകൊണ്ട് തന്നെ ശത്രുക്കളുടെ കാവൽമരങ്ങളെ നശിപ്പിക്കുകയെന്നതും ഒഴിച്ചുകൂടാത്ത ഒരു കടമയായിത്തീർന്നു. ‘പകവീരൻമാരെ പോരിൽ വെട്ടിവീഴ്ത്തി അവരുടെ ആക്രമണത്തെ തകർത്തുകൊണ്ട് മുന്നോട്ട്കടന്ന് ദുർമോഹികളായ രാജാക്കൻമാരും അവരുടെ മന്ത്രിമാരും ഭയന്നുവിറപൂണ്ടു നിൽക്കവേ അവരുടെ കാവൽമരമായ കടമ്പിനെ ചുവടോടെ വെട്ടിമുറിച്ചിച്ച ചേരനാഥനെ’ ഒരു പാട്ടിൽ വാഴ്ത്തിയിരിക്കുന്നു. [23] ‘മോകൂർ ആക്രമിച്ച് പഴയന്റെ കാവൽമരമായ വേപ്പ് വെട്ടിവീഴ്ത്തി മുരശുതീർക്കത്തക്ക പാകത്തിൽ ചെറിയ തുണ്ടുകളാക്കി വണ്ടികളിൽ കയറ്റി അവന്റെ ആനകളെത്തന്നെ കാളകളുടെ സ്ഥാനത്ത് അവയിൽ പൂട്ടിയ ധീരനായ കുട്ടുവനെ മറ്റൊരു പാട്ടിൽ സ്തുതിച്ചിരിക്കുന്നു. [24]

ചേരലാതൻ ‘വാകൈ പെരുന്തുറ’ എന്ന സ്ഥലത്തുവെച്ച് നടന്ന യുദ്ധത്തിൽ പൂഴിനാട്ടധിപനായ ‘നന്നൻ’ എന്ന ചിറ്റരചനെ പരാജയപ്പെടുത്തുകയുണ്ടായി. നന്നന്റെ കാവൽമരം വാകയായിരുന്നു. ‘പൊൻമാലയണിഞ്ഞു’ പൊൻതേരിൽ വിളങ്ങുന്ന ‘നന്നൻ’ എന്ന പകമന്നന്റെ കാവൽമരമായ പൊൽപൂവാകയെ ചുവടോടെ വെട്ടിമുറിച്ചിട്ട നാമുർടി മുടിച്ചേരലാതന്റെ വീരപരാക്രമങ്ങൾ വർണ്ണിച്ചാൽ അവസാനിക്കുന്നതല്ല.’ എന്നു മറ്റൊരു പാട്ടിൽ പറയുന്നു. [25]

യുദ്ധത്തിൽ വിജയം നേടിയ ഉടനെ പടവീരൻമാർ കള്ളുകുടിച്ചു മദിക്കും. അതുകൊണ്ട് രാജാവ് ഉത്സാഹഭരിതനായിത്തീരും. ശത്രുക്കളിൽനിന്ന് കൊള്ളയടിച്ചു കിട്ടിയ സ്വത്തുക്കളുടെ ഒരു ഭാഗം പട്ടാളക്കാർക്കും നാട്ടുകാർക്കും സമ്മാനമായി വീതിച്ചുകൊടുക്കും. ജനങ്ങൾ കൂട്ടംകൂട്ടമായി ജയഭേരി മുഴക്കും.

രാജാക്കൻമാർക്ക് ചുറ്റുപാടും കിടങ്ങുകളോടുകൂടിയ കോട്ടകളുണ്ടായിരുന്നു. വിരോധികളെ അകറ്റിനിർത്താൻ വേണ്ടി ‘സദാ തിരതല്ലിക്കൊണ്ടിരുന്ന ആഴമേറിയ കിടങ്ങുകൾ അരഞ്ഞാണായിട്ടുള്ള മലക്കൊത്ത മതിലുകൾ നിർമ്മിച്ച’ രാജാക്കൻമാരെപ്പറ്റി പതിറ്റുപ്പത്ത് വർണ്ണിക്കുന്നുണ്ട്. [26] ‘കാവൽക്കാടും അഗാധമായ കിടങ്ങും നെടിയ മതിലും, നിലപെറ്റ ഞായിലും ബാണക്കെട്ടും കാവലും കൊണ്ട് ആർക്കും കടക്കാവതല്ലാത്ത അകമതിലും ഉള്ള അന്തർനഗരം സ്വാധീനപ്പെടുത്തി.’ ശത്രുസൈന്യങ്ങളെ തോൽപ്പിച്ച നെടുഞ്ചേരലാതൻ മറ്റൊരു പാട്ടിൽ വാഴ്ത്തപ്പെടുന്നു. [27]

---

19. പുറം 65, 66.
20. പതിറ്റുപ്പത്ത്, 5, 5.
21. പതിറ്റുപ്പത്ത്, 2, 9.
22. ജി. വൈദ്യനാഥയ്യർ: പതിറ്റുപ്പത്ത്, 5, 9.
23. പതിറ്റുപ്പത്ത്, 2, 2.
24. പതിറ്റുപ്പത്ത്, 5, 4.
25. പതിറ്റുപ്പത്ത്, 4, 10.
26. പതിറ്റുപ്പത്ത്, 7, 2.
27. പതിറ്റുപ്പത്ത്, 2, 10.

## 4 ഭരണരീതി

രാജാവിന് വിപുലമായ അധികാരങ്ങളുണ്ടായിരുന്നു. എങ്കിലും അയാൾ തനി സ്വേച്ഛാധിപതിയായിരുന്നുവെന്ന് പറഞ്ഞുകൂടാ. രാജവാഴ്ചയോടൊപ്പം തന്നെ പഴയ ഗോത്രഭരണത്തിന്റെ ചില അവശിഷ്ടങ്ങളും നിലനിന്നിരുന്നു. തലവന്റെ കീഴിൽ പ്രായപൂർത്തിയെത്തിയ എല്ലാ സ്ത്രീപുരുഷൻമാരും സമത്വത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചുകൂടി കാര്യങ്ങൾ തീരുമാനിക്കുക എന്ന ഗോത്ര ഭരണവ്യവസ്ഥയ്ക്ക് ഉടവുതട്ടി എന്നത് ശരിയാണ്. എങ്കിലും സമുദായത്തിലെ പ്രമാണികളുമായി കൂടിയാലോചിക്കാതെ ഭരണം നടത്താൻ രാജാവിന് സാധ്യമായിരുന്നില്ല. 'മൻറം' അല്ലെങ്കിൽ 'പൊതിയിൽ' എന്നപേരിലറിയപ്പെടുന്ന നീതിന്യായ സഭയായിരുന്നു സാമൂഹ്യജീവിതത്തിന്റെ കേന്ദ്രം. പ്രധാനപ്പെട്ട വല്ല കാര്യങ്ങളും ആലോചിക്കേണ്ടിവരികയോ തർക്കങ്ങൾ തീർക്കേണ്ടിവരികയോ ചെയ്യുമ്പോഴെല്ലാം ജനപ്രതിനിധികൾ രാജാവിന്റെ നേതൃത്വത്തിൽ ഒരു മരത്തിന്റെ ചുവട്ടിൽ പലപ്പോഴും ആൽമരത്തിന്റെ ചുവട്ടിൽ സഭ നടത്തും. ഈ സഭ രാജാവിൽ കുറെയൊക്കെ സ്വാധീനം ചെലുത്തിയിരുന്നെങ്കിലും ആധുനിക രീതിയിലുള്ള ഒരു ജനാധിപത്യസ്ഥാപനമെന്നോ ജനപ്രാതിനിധ്യമുള്ള സഭയെന്നോ ഇതിനെ വിളിച്ചുകൂടാ എന്ന് കെ.കെ.പിള്ള പറയുന്നു. [28] എന്നാൽ, നീലകണ്ഠശാസ്ത്രിയുടെ അഭിപ്രായത്തിൽ, രാജധാനിയിലെ മൻറം അല്ലെങ്കിൽ സഭ ഏറ്റവും ഉയർന്ന നീതിന്യായ സഭയായിരുന്നു. [29] മലയമാന്റെ മക്കൾ വിചാരണ ചെയ്തു ശിക്ഷിക്കപ്പെട്ടത് മൻറത്തിൽ വച്ചാണ്. പ്രധാനപ്പെട്ട ഭരണകാര്യങ്ങളിൽ രാജാവ് മൻറത്തിന്റെ സഹായം തേടിയിരുന്നു. എല്ലാ ഭരണകാര്യങ്ങളിലും അഭിപ്രായം പറയാനും തീരുമാനമെടുക്കാനും അധികാരമുള്ള ഒരു ജനപ്രതിനിധി സഭയായിട്ടാണ് മൻറത്തെ തിരുക്കുറൾ വിവരിക്കുന്നത്. ഗ്രാമത്തിലെ മൻറം ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ വഹിച്ചിരുന്ന പങ്ക് ചെറുതായിരുന്നില്ല. ഓരോ ഗ്രാമത്തിലും ഓരോ മൻറമുണ്ടായിരുന്നു. ഗ്രാമത്തിന്റെ പൊതുകാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിക്കാനുള്ള ഒരു രംഗമായിരുന്നു അത്. ഈ ഗ്രാമീണ സഭകളിൽ നിന്നാണ് പിൽക്കാല ചോഴൻമാരുടെ കാലത്ത് അതിശയകരമാംവിധം പ്രവർത്തിച്ചുപോന്ന ഗ്രാമസമുദായ ഭരണം വളർന്നുവന്നത് എന്ന് നീലകണ്ഠശാസ്ത്രി അനുമാനിക്കുന്നു. [30]

ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേയ്ക്കും ഭരണവ്യവസ്ഥ കൂടുതൽ സങ്കീർണ്ണമായിത്തീർന്നു. ധനികവർഗ്ഗത്തിൽപ്പെട്ട ഉപദേഷ്ടാക്കളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാരുടെയും പ്രാധാന്യം വർദ്ധിച്ചു. അവരുമായി കൂടിയാലോചിച്ചുകൊണ്ടാണ് രാജാവ് ഭരണം നടത്തിയിരുന്നത്. 'ഐംപെരും കുഴു', 'എൺപേരായം' എന്നീ രണ്ട് കൂടിയാലോചനസഭകളെപ്പറ്റി ചിലപ്പതികാരത്തിൽ പ്രതിപാദിക്കുന്നുണ്ട്. [31] പ്രധാനമന്ത്രി, പുരോഹിതൻ, സേനാപതി, ചാരപ്രധാനി, കാവിടി അല്ലെങ്കിൽ മുതലെടുപ്പുദ്യോഗസ്ഥൻ എന്നിവരായിരുന്നു ഐംപെരുംകുഴവിലെ അംഗങ്ങൾ. എൺപേരയത്തിൽ നിർവാഹത്തലവൻ, ഖജാന സൂക്ഷിപ്പുകാർ, കണക്കപ്പിള്ളമാർ, കാവൽസൈന്യത്തലവൻമാർ, സേനാനായകർ, ആനപ്പടയുടെയും കുതിരപ്പടയുടെയും നായകൻമാർ, നഗരപ്രധാനികൾ എന്നിവരുൾപ്പെട്ടിരുന്നു. ഭരണകാര്യങ്ങളിൽ ഉപദേശങ്ങളും കൂടിയാലോചനകളും വഴിയായി രാജാവിനെ സഹായിക്കാനും രാജാവിന്റെ സ്വേച്ഛാധിപത്യവാസനകളെ ഒട്ടൊക്കെ തടഞ്ഞുനിർത്താനും ഈ സഭകൾ പ്രയോജനപ്പെട്ടിട്ടുണ്ടാവണം.

---

28. കെ.കെ. പിള്ള: ദക്ഷിണ ഇന്ത്യാചരിത്രം പേ. 84.
29. K. A. Nilakata Sastri A History of South India, P. 127,
30. Ib. d. P. 127.
31. ചിലപ്പതികാരം, ഇന്തിര വിഴവ്, 157.

## 5 നാഗരിക ജീവിതം

ആദ്യകാലത്ത് പട്ടണങ്ങൾ കുറവായിരുന്നു. കൂടുതൽ പഴക്കം ചെന്ന സംഘംകൃതികൾ ഗ്രാമീണ ജീവിതത്തിന്റെ ലാളിത്യവും പാരമ്പര്യവുമാണ് കൂടുതൽ പ്രതിഫലിപ്പിച്ചിട്ടുള്ളത്. പക്ഷേ, ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേക്കും നാഗരികജീവിതത്തിന്റെ പ്രാധാന്യം വളരെ വർദ്ധിച്ചുകഴിഞ്ഞിരുന്നു. അക്കാലത്തെ നാഗരികജീവിതത്തിന്റെ സങ്കീർണ്ണത മനസ്സിലാക്കാൻ പുകാർ നഗരത്തിന്റെ ഈ ചെറുവിവരണം വായിച്ചുനോക്കിയാൽ മതി:

> ‘നഗരത്തിന്റെ മുന്നണികളിലായി കാണികളുടെ കണ്ണുകളെ വിഷയാന്തരവ്യാപാരത്തിൽ നിന്നു വിലക്കി തങ്ങളിൽത്തന്നെ സമാസക്തങ്ങളാക്കിത്തീർക്കുന്ന വിചിത്രങ്ങളായ അനേകം യവനമന്ദിരങ്ങളും കപ്പൽവ്യാപാരത്താൽ കുബേരൻമാരായി സ്വദേശം വിട്ടുവന്ന് കടൽക്കരയിൽ വാസമുറപ്പിച്ച് സ്വദേശികളെപ്പോലെ വാഴുന്ന പലതരം പാരദേശികൻമാരുടെ വസതികളും ഹൃദയംഗമങ്ങളായിരുന്നു; ചാന്തും മുതലായ കറിക്കൂട്ടുകളും സുഗന്ധപൂർണ്ണങ്ങളും കുളുർത്തു പരിമളമിളിതങ്ങളായ ചന്ദനക്കൂട്ടുകളും പൂക്കളും മാലകളും പുഷ്പഗ്രന്ഥികളും ധൂപദ്രവ്യങ്ങളും അവയ്ക്കുള്ള കൂട്ടുകളും വിൽക്കുന്നതിനായി വ്യാപാരികൾ നഗരവീഥികളിൽ ചുറ്റിനടന്നുകൊണ്ടിരുന്നു; പട്ട്, പരുത്തി, എലിരോമം ഇവയിൽ നിന്നും നൂറ്റനൂലുകളാൽ എത്രയും നേരിയ തുണിച്ചരക്കുകൾ നെയ്യുന്നവരും നെയ്ത്തിനുവേണ്ടുന്ന മറ്റുപകരണങ്ങൾ നിർമ്മിക്കുന്നവരുമായ പട്ടുച്ചെട്ടികളുടെ തെരുവിൽ അധികമുണ്ടായിരുന്നു; ചന്ദനവും അകിലും പട്ടുകളും,, നൽപവിഴം, നൽമുത്ത് മുതലായ രത്നങ്ങളും ചേർത്തുള്ള സുവർണാഭരണങ്ങളും സുവർണവും ലക്ഷക്കണക്കിലും ഗണിപ്പാൻ അസാധ്യമാംവണ്ണം സംഭരിക്കപ്പെട്ട സമൃദ്ധിയുള്ള വ്യാപാരശാലകളുടെ വീഥി വിശാലമായിരുന്നു; എട്ടു, പതിനാറ്, പതിനെട്ട് എന്നു മതഭേദത്തോടെ വ്യവഹരിച്ചുവരുന്ന കുലസംജ്ഞകങ്ങളായ ധാന്യങ്ങൾ വിൽക്കുന്ന പുണ്യവീഥിയിൽ ഓരോന്നും പ്രത്യേകശാലകളിലായി കുന്നുപോലെ കൂട്ടിയിരുന്നു; പലതരം പലഹാരവ്യാപാരികളും മത്സ്യവ്യാപാരികളുമായ പരവരും ഉപ്പുവിൽക്കുന്ന ഉമണരും താംബൂലചർവണോപകരണങ്ങൾ വിൽക്കുന്നവരും പരവും കശാപ്പുകാരും അധികമായി കുടിപാർപ്പുള്ളവരും മാംസങ്ങൾ യഥേഷ്ടം സംഭരിക്കപ്പെട്ടിട്ടുള്ളതുമായ കുറുന്തെരുവുകൾ കാണപ്പെട്ടിരുന്നു; പുറംനഗരത്തിൽ മൂശാരികളും ചെമ്പുകൊട്ടികളും മരത്തച്ചൻമാരും കരബലമുള്ള കരുവാൻമാരും ചിത്രലേഖകൻമാരും ശിൽപ്പകാരൻമാരും പൊൻപണിക്കാരും രത്നകാരൻമാരും തുന്നൽപ്പണിക്കാരും തോൽപ്പണിചെയ്യുന്ന പറവർ മുതലായവരും തുണികളാലും കിടേലിനാലും പുഷ്പങ്ങൾ വാടാതമാലകൾ, മായത്തൊപ്പികൾ മുതലായവകളെ അത്ഭുതമായി നിർമ്മാണം ചെയ്യും. തൊഴിലാളികളും ധാരാളം ഉണ്ടായിരുന്നു. ഷഡ്ജാതി സപ്തസ്വരങ്ങളും അവയുടെ ഭേദങ്ങളും ശുദ്ധമായി സ്ഫുരിപ്പിക്കുന്ന കുഴലുകളും വീണകളും ശാസ്ത്രോക്തമായി പണിചെയ്യുന്ന ഗായകരും താഴ്ന്നനിലയിലായിരുന്നു. മറ്റു കിഴിഞ്ഞ പണിചെയ്തു കൂലിവാങ്ങി നിർദ്ദോഷികളായി ഉപജീവിക്കുന്ന യവനർ മുതലായ വർഗക്കാരും പാണർവരെയുള്ള ജാതിക്കാരും പാർത്തുവരുന്നുണ്ട്.’ [32]

മധുരാനഗരം, വഞ്ചിനഗരം തുടങ്ങിയ മറ്റു നഗരങ്ങളുടെ സ്ഥിതിയും ഏതാണ്ടിതുതന്നെയായിരുന്നു. എല്ലായിടത്തും സമൃദ്ധിയും പരിഷ്കാരവും പ്രകടമായിരുന്നു. കൃഷി, കൈത്തൊഴിൽ, വ്യാപാരം എന്നിവയുടെ പുരോഗതിയുടെ ഫലമായി ഏറെക്കുറെ ഉയർന്ന നിലവാരത്തിലുള്ള ഒരു ഭൗതികസംസ്കാരമാണ് നിലനിന്നിരുന്നത്. പക്ഷേ, ചൂഷണത്തിന്റെ അടിത്തറയിൻമേലാണ് ഈ പുരോഗതി കെട്ടിപ്പടുക്കപ്പെട്ടത്. സമുദായത്തിലെ മേൽത്തട്ടിലുള്ള വിഭാഗങ്ങളെ മാത്രമേ ഐശ്വര്യവും അനുഗ്രഹിച്ചിരുന്നുള്ളു. കീഴ്ത്തട്ടിലുള്ള വിഭാഗങ്ങളുടെ ജീവിതം ഒട്ടുംതന്നെ അസൂയാർഹമായിരുന്നില്ല. ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേയ്ക്കും സ്വത്തുടമസ്ഥൻമാരായ പ്രമാണികളും സ്വത്തില്ലാത്ത പാവങ്ങളും തമ്മിലുള്ള അകൽച്ച വളരെയധികം വർദ്ധിച്ചുകഴിഞ്ഞിരുന്നു. സ്വത്തുടമവർഗ്ഗക്കാർക്കിടയിൽ പലതരം അധഃപതനവാസനകളും തലപൊക്കാൻ തുടങ്ങിയിരുന്നു. മോഷണവും വ്യഭിചാരവും പരന്നുപിടിക്കാൻ തുടങ്ങിയതിന്റെ ലക്ഷണങ്ങൾ പിൽക്കാല സംഘംകൃതികളിൽ വ്യക്തമായി കാണാൻ കഴിയും. ‘കളവി’ൻറേയും ‘കർപ്പി’ൻറേയും അടിസ്ഥാനത്തിലുള്ള ലളിതമായ പഴയ വൈവാഹികബന്ധങ്ങൾ ഏകപത്നീ വ്യവസ്ഥയ്ക്കും അതോടൊപ്പം വേശ്യാലമ്പടത്തത്തിനും വഴിമാറിക്കൊടുത്തു. വേശ്യാത്തെരുവുകൾ നഗരത്തിന്റെ ഒരവിഭാജ്യഘടകമായിത്തീർന്നു. ‘വേശ്യകൾ തങ്ങളുടെ നൃത്തഗീതാദികളിലുള്ള നൈപുണ്യത്തിനനുസരിച്ച് നാളൊന്നുക്ക് ഒരു കഴഞ്ചുമുതൽ ആയിരത്തെട്ടു കഴഞ്ചുവരെ തൂക്കമുള്ള സുവർണ്ണം തങ്ങളെ കാമിച്ചുവരുന്ന പുരുഷൻമാർ നൽകണമെന്ന നിയമം വിടാതെ അടുത്തുകൂടുന്ന കാമി ജനങ്ങളുടെ അകക്കാമ്പിൽ അല്ലലുളവാക്കി, അപ്സരസദൃശികളായ തങ്ങളുടെ കടാക്ഷവലയിലകപ്പെടുന്ന താപസൻമാരായാലും വിരിഞ്ഞ പുഷ്പങ്ങൾതോറും ചെന്നു മധുപാനം ചെയ്തു പിന്നീട് തിരിഞ്ഞുനോക്കാതെ മടങ്ങുന്ന വണ്ടുകളെപ്പോലെ ഒരിടത്തും തങ്ങാതെ പുതിയ പുതിയ ഓരോന്നിനെ പുണർന്നുകൊണ്ടുഴലുന്ന വിടൻമാരായാലും, കാമലീലാസുഖത്തെ ഇദംപ്രഥമായി അനുഭവിപ്പാൻ തുനിഞ്ഞൊരുങ്ങിയ അനിഭഞ്ജൻമാരായാലും, അവരുടെ വിദ്യാവിനയാദികൾ മന്ദീഭവിക്കത്തക്കവണ്ണം വശമാക്കി നാൾതോറും സംഭോഗപാരവശ്യത്തോടുകൂടി നിദ്രചെയ്യിപ്പിച്ചുകൊണ്ടിരിക്കത്തക്ക പാടവത്തോടും, സുഭാഷിതങ്ങളെ അവഗണിച്ചുകൊണ്ടുള്ള വാങ്മാധുര്യത്തോടും ചതുഷ്ഷി കലാജ്ഞാനത്തോടും കൂടിയ അവിവാഹിത വേശ്യാജനവസതികളായ വീഥികളും രമണീയങ്ങൾതന്നെ.’ [33]

പ്രാചീന ചേരസാമ്രാജ്യം ക്ഷയോൻമുഖമായിക്കഴിഞ്ഞു എന്നതിന്റെ ഒരു സൂചനയായിരുന്നു ഇത്.

---

32. പി. നാരായണൻ നായർ, ചിലപ്പതികാരം, പേജ്, 36–37.
33. പി. നാരായണൻ നായർ, ചിലപ്പതികാരം, പേജ്, 150.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014